"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - പൊതുവിദ്യാഭ്യാസ (എ) വകുപ്പിലെ സെക്ഷൻ ഓഫീസർ ശ്രീ. അനിൽകുമാർ പി.ക്ക് ഔദ്യോഗിക ആവശ്യത്തിന് 12/02/2025-ന് ബഹു: മഞ്ചേരി അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് ജഡ്ജ് III മുൻപാകെ സാക്ഷിവിസ്താരത്തിന് ഹാജരായതിന് മുൻകാല പ്രാബല്യത്തിൽ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2523/2025/GEDN തീയതി,തിരുവനന്തപുരം, 07-04-2025**

പരാമർശം:- 1. പൊതുവിദ്യാഭ്യാസ (എ) വകുപ്പിലെ സെക്ഷൻ ഓഫീസർ ശ്രീ. അനിൽകുമാർ പി. സമർപ്പിച്ച 14/02/2025-ലെ അപേക്ഷ.

**<u>ഉത്തരവ്</u>**

പൊതുവിദ്യാഭ്യാസ (എ) വകുപ്പിലെ സെക്ഷൻ ഓഫീസർ ശ്രീ. അനിൽകുമാർ പി. മലപ്പുറം ജില്ലയിലെ താഴേക്കാട് വില്ലേജിൽ വില്ലേജ് അസിസ്റ്റന്റായി ജോലി ചെയ്തുവരുന്ന വേളയിൽ പെരിന്തൽമണ്ണ പോലീസ് സർക്കിൾ ഇൻസ്പെക്ടറിൽ നിന്ന് ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷനിൽ 1000/2007 നമ്പരായി രജിസ്റ്റർ ചെയ്ത കേസിൽ സംഭവ സ്ഥലം പരിശോധിച്ച് സ്കെച്ച് & പ്ലാൻ തയ്യാറാക്കി നൽകിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് 12/02/2025-ന് ബഹു: മഞ്ചേരി അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് ജഡ്ജ് III മുൻപാകെ സാക്ഷിവിസ്താരത്തിന് ടിയാൻ ഹാജരായതിന് മുൻകാല പ്രാബല്യത്തിൽ അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശ പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ഔദ്യോഗിക ആവശ്യത്തിന് 12/02/2025-ന് ഹാജരായതിന് സർട്ടിഫിക്കറ്റ് ടി കോടതിയിൽ നിന്ന് ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുവിദ്യാഭ്യാസ (എ) വകുപ്പിലെ സെക്ഷൻ ഓഫീസർ ശ്രീ. അനിൽകുമാർ പി.ക്ക് ഔദ്യോഗിക ആവശ്യത്തിന് 12/02/2025-ന് ബഹു:മഞ്ചേരി അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് ജഡ്ജ് III

മുൻപാകെ സാക്ഷിവിസ്താരത്തിന് ഹാജരായതിന് മുൻകാല പ്രാബല്യത്തിൽ അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SWAPNA P
ജോയിന്റ് സെക്രട്ടറി

ശ്രീ.അനിൽകുമാർ പി., സെക്ഷൻ ഓഫീസർ, പൊതുവിദ്യാഭ്യാസ (എ)
വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം,
തിരുവനന്തപുരം.
പൊതുഭരണ (ബഡ്ജറ്റ് വിങ്) വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.
ഡയറക്ടർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ1/45/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Sindhu s
സെക്ഷൻ ഓഫീസർ
Date: 08-04-2025 10:32:43